**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4328** **09-08-2021 - ൽ മറുപടിയ്ക്ക്**

**പാലാ ബൈപാസ് സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാലാ ബൈപാസ് രണ്ടാം റീച്ചിൽ സിവിൽ സ്റ്റേഷന് മുൻവശം മുതൽ സെന്റ് മേരീസ് സ്കൂൾ വരെയുള്ള ഭാഗം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | പാലാ ബൈപാസ് സിവിൽ സ്റ്റേഷൻ മുൻ വശം മുതൽ സെന്റ് മേരീസ് സ്കൂൾ വരെയുള്ള ഭാഗത്ത് ബ്ലോക്ക് നമ്പർ 80/51 ൽ റീ സർവ്വെ നമ്പർ 15/3ൽ പ്പെട്ട 0.0324 ഹെക്ടർ സ്ഥലവും റീ സർവ്വേ നമ്പർ 19/6ൽ പ്പെട്ട 0.0126 ഹെക്ടർ സ്ഥലവും ഒഴികെ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളതാണ് . |
| (ബി) | പാലാ ബൈപാസ് സ്ഥലം ഏറ്റെടുക്കുന്നതിന് പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ബാംഗ്ലൂർ കോടതിയിൽ നിന്ന് ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക കോർട്ട് ഡെപ്പോസിറ്റ് ആക്കി വസ്തു ഏറ്റെടുക്കുന്നതിന് നിലവിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കാമോ; തടസ്സമില്ലെങ്കിൽ വസ്തു ഏറ്റെടുക്കുന്നത് സമയബന്ധിതമായി പൂർത്തീകരിക്കുമോ; | (ബി) | പാലാ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ളാലം വില്ലേജിൽ ബ്ലോക്ക് നമ്പർ 80/51ൽ റീ സർവ്വെ നമ്പർ 15/3ൽ പ്പെട്ട 0.0324 വസ്തുവിന്റെ നഷ്ടപരിഹാരമായി റവന്യൂ നിക്ഷേപത്തിൽ സൂക്ഷിച്ചിട്ടുള്ള 65,28,223/-രൂപ പിൻവലിച്ച് നൽകുന്നതിന് പ്രസ്തുത വസ്തുവിന്റെ അവകാശികൾ രേഖകൾ ഹാജരാക്കാത്തതുമൂലം സാധിച്ചിട്ടില്ല. ടി തുക കോർട്ട് ഡെപ്പോസിറ്റ് ആക്കി വസ്തു ഏറ്റെടുക്കുന്നതിന് നിയമതടസ്സമില്ല. ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പാലാ ബൈപാസ് റോഡിന്റെ മൂന്നാം റീച്ചിൽ മരിയൻ ആശുപത്രിയുടെയും പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെയും ഇടയിലുള്ള, ശ്രീ.പി.എം.സാജൻ ഗീതാഞ്ജലി എന്ന വ്യക്തിയുടെ വസ്തുവിന്റെ വില സംബന്ധിച്ച് തീരുമാനം കൈകൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഏറ്റെടുക്കുന്നതിന്റെ മിച്ചം വരുന്ന വസ്തു കൂടി ഏറ്റെടുക്കണമെന്നുള്ള ശ്രീ.സാജന്റെ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | പാലാ ആർ.വി ജംഗ്ഷൻ മുതൽ പുലിയന്നൂർ വരെയുള്ള പാരലൽ റോഡ് നിർമാണത്തിനായി പുലിയന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 80ൽ റീ സർവ്വെ നമ്പർ 7/33-1, 7/44-1പ്പെട്ട 5.47 ആർ വസ്തു ഏറ്റെടുക്കുന്നതിനായി 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലൂടെ നടപടികൾ സ്വീകരിച്ചതിനെതിരെ സ്ഥലമുടമ ശ്രീ പി.എം സാജൻ ബഹു ഹൈ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, ബഹു ഹൈകോടതി ഉത്തരവിൽ 2013-ലെ LARR നിയമപ്രകാരം നഷ്ട പരിഹാരത്തുക തിട്ടപ്പെടുത്തുവാൻ നിർദേശിച്ചതിൽ ശ്രീ പി.എം സാജന്റെ പേരിൽ നഷ്ട പരിഹാരത്തുക തിട്ടപ്പെടുത്തുന്നതിലേക്കായി BVR, DVS എന്നിവ പൊന്നും വില ഓഫീസർ സമർപ്പിച്ചിട്ടുള്ളതും, ആയത് പരിശോധിച്ച് ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതുമാണ്. ശ്രീ പി.എം |

| | | | |
|---|---|---|---|
| | | | സാജൻ സർക്കാരിൽ സമർപ്പിച്ച പരാതിയിൽ ലാൻഡ് റവന്യൂ കമ്മിഷണറുടെ കാര്യാലയം മുഖേന അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില നിർണ്ണയത്തിൽ ചില അപാകതകൾ ചൂണ്ടികാണിച്ചതിനെ തുടർന്ന് വില നിർണ്ണയം പുനഃപരിശോധിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. കൂടാതെ വില നിർണ്ണയത്തിലെ അപാകത പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.പി.എം. സാജൻ ബഹു. ഹൈക്കോടതി മുമ്പാകെ WPC 15340/2021 ഫയൽ ചെയ്തിട്ടുള്ളതും അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്. ശ്രീ പി.എം സാജന്റെ പേരിൽ പൊന്നും വില വസ്തുവിനോട് ചേർന്ന് അവശേഷിക്കുന്ന സ്ഥലം കൂടി പൊതുമരാമത്ത് വകുപ്പിന് വേണ്ടി ഏറ്റെടുക്കാവുന്നതാണെന്ന് അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് നിരത്ത് വിഭാഗം കോട്ടയം റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും ആയതിനായി അർത്ഥന സമർപ്പിച്ചിട്ടില്ലാത്തതിനാൽ അർത്ഥന സമർപ്പിക്കുന്നതിന് 06.03.2021-ൽ കോട്ടയം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട് . |
| (ഡി) | പാലാ ബൈപാസ് സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുമോ? | (ഡി) | സ്ഥലം ഏറ്റെടുക്കൽ നടപടികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ പൊന്നുംവില ഓഫീസർമാർ സ്വീകരിച്ചു വരുന്നതും ആവശ്യമായ നിർദേശം കോട്ടയം ജില്ലാ കളക്ടറേറ്റിൽ നിന്നും നൽകി വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ